
G. S. No. 11.

തിരുവിതാംകൂർ കൊച്ചി ഗവണ്മെന്റ് പ്രസിദ്ധീകരണം




സോപാനം-III-3

# ചൈന

കെ. മുഹമ്മദലി.

വില
രണ്ടു,
അണ

A·38

# പ്രസ്താവന

ഇൻഡ്യയിലെ മിക്ക ഭാഷകളിലും 'ബാലസാഹിത്യം' 'സാമാന്യവിജ്ഞാനം' ഈ വകുപ്പുകളിൽ നല്ല ഗ്രന്ഥങ്ങൾ വളരെ കുറവാണ്. രാജ്യത്തിന്റെ ശ്രേയസ്സിനെ സാരമായി ബാധിക്കുന്ന ഒരു കുറവാണ് ഇത്. അതുകൊണ്ട് ഇൻഡ്യയുടെ ഡെവലപ്മെന്റ് പദ്ധതിയിൽ ഈ രണ്ട് ഇനത്തിലും ധാരാളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഒരു പരിപാടി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടു കൂടി നമ്മുടെ സംസ്ഥാന ഗവണ്മെന്റ് ആ പരിപാടി അനുസരിച്ച് അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുവാനുള്ള ഒരു വമ്പിച്ച ശ്രമം ആരംഭിച്ചിരിക്കയാണ്. അതിന്റെ ആദ്യത്തെ ഫലങ്ങളാണ് ഈ ഗ്രന്ഥങ്ങൾ.

പ്രൈമറിസ്കൂളിലെ മൂന്നാം ക്ലാസുമുതൽ മിഡിൽസ്കൂളിലെ മൂന്നാം ഫാറംവരെയുള്ള ആറു ക്ലാസുകളോടു ഇണങ്ങുന്ന ആറു സോപാനങ്ങളായിട്ടാണ് ബാലസാഹിത്യം ക്രമീകരിച്ചിരിക്കുന്നത്. ഓരോ സോപാനത്തിലും വിവിധവിഷയങ്ങളെ അധികരിച്ചുള്ള അനേകം ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കും.

ആദ്യത്തെ അഞ്ചു സോപാനങ്ങളിലായി ഇരുപതു 'ബാലസാഹിത്യ' ഗ്രന്ഥങ്ങളും, 'സാമാന്യ വിജ്ഞാന'

ത്തിൽപ്പെട്ട അഞ്ചു ഗ്രന്ഥങ്ങളും ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു

കാഴ്ചയിലും കാര്യത്തിലും ഈ ഗ്രന്ഥങ്ങൾ ഉത്തമങ്ങളായിരിക്കണം എന്നാണു് ഉദ്ദേശ്യം. വളരെ ദ്രുതഗതിയിൽ തയ്യാർ ചെയ്യേണ്ടിവന്നതുകൊണ്ടു് ആ ഉദ്ദേശ്യം ഈ പ്രാവശ്യം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു നിശ്ചയമില്ല. എങ്കിലും ഗ്രന്ഥകാരന്മാരിൽ മിക്കവരും പേരുകേട്ട പണ്ഡിതന്മാരും സാഹിത്യകാരന്മാരും ആയതുകൊണ്ടു് വലിയ പോരായ്മകളൊന്നും വന്നിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

മലയാളക്കരയിലെ ബാലലോകവും ജനസാമാന്യവും ഈ ഗ്രന്ഥങ്ങൾ വേണ്ടതിൻവണ്ണം പ്രയോജനപ്പെടുത്തുന്നതിലേക്കു് ഗ്രന്ഥങ്ങളുടെ വില പരമാവധി കുറച്ചിരിക്കയാണു്. ഈ പ്രസിദ്ധീകരണംകൊണ്ടു ഉദ്ദേശിക്കുന്ന ലാഭം രാജ്യത്തിനു് അതിൽ നിന്നു് ഉണ്ടാകാവുന്ന പ്രയോജനം മാത്രമാണു്.

തിരുവനന്തപുരം,
1934 മാർച്ച് 20.

വി. സുന്ദരരാജ് നായിഡു,
വിദ്യാഭ്യാസ ഡയറക്ടർ.

# ചൈന


## അദ്ധ്യായം 1

### പ്രാരംഭം

ഏഷ്യയുടെ ഭൂപടം നോക്കുക. ഇന്ത്യയുടെ വടക്കുകിഴക്കുഭാഗത്തായി ചൈന എന്നൊരു രാജ്യം അടയാളപ്പെടുത്തിയിരിക്കുന്നതായി കാണാം.

ചീനബ്ഭരണി, ചീനച്ചട്ടി, ചീനവല എന്നീ സാധനങ്ങൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. ഇവ പുരാതനകാലത്തു് നമ്മുടെ രാജ്യത്തു വന്നുചേർന്നതു് ചൈനയിൽ നിന്നായിരിക്കാൻ ഇടയുണ്ടു്. അങ്ങിനെ നോക്കുമ്പോൾ, നാമും ചീനരുമായി വളരെ മുൻപു മുതല്ക്കു വ്യാപാരബന്ധം ഉണ്ടായിരുന്നിരിക്കണം.

നമ്മുടെ രാജ്യത്തുള്ള പെരിയാർ, പമ്പാനദി, ചാലക്കുടിയാർ, ഭാരതപ്പുഴ മുതലായ നദികളേക്കാൾ വളരെ വലിയ നദികൾ ചൈനയിൽ ഉണ്ടു്. ഹ്വാംഗ്ഹൊ അല്ലെങ്കിൽ, മഞ്ഞനദി അവയിൽ ഒന്നാണു്. മഞ്ഞനദി എന്നു വിളിക്കുന്നതിനു കാര-




ഏഷ്യയുടെ കിഴക്കുഭാഗം

ണമെന്തന്നല്ലേ? മഞ്ഞ നിറത്തിലുള്ള മണ്ണ്, വെള്ളത്തിൽ കലങ്ങിമറിഞ്ഞു് ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ, ഇതിലെ വെള്ളം മഞ്ഞ നിറത്തിലിരിക്കുന്നു; അതുകൊണ്ടുതന്നെ.

ഈ നദിക്കു മറ്റൊരു വിശേഷം കൂടിയുണ്ടു്. മഞ്ഞ നദി ഒഴുക്കിക്കൊണ്ടുവരുന്ന മണ്ണ്, നിത്യവും നദിയുടെ അടിത്തട്ടിൽ അടിയുന്നതിനാൽ, അടിത്തട്ടു് ഉയൎന്നുകൊണ്ടിരിക്കുന്നു. അതിനാൽ, വർഷകാലത്തു വെള്ളം കരകവിഞ്ഞൊഴുകാതിരിക്കുവാൻ, നദിയുടെ ഇരുകരകളിലും വലിയ വരമ്പുകൾ കെട്ടിയുണ്ടാക്കിയിട്ടുണ്ടു്. എങ്കിലും, അസാധാരണമായുണ്ടാകുന്ന വെള്ളപ്പൊക്കം വളരെ നാശം ഉണ്ടാക്കുന്നുമുണ്ടു്. ഭയങ്കരമായ ഈ വിപത്തിൽ പെട്ടു്, അനവധി മനുഷ്യരും മൃഗങ്ങളും മൃതിയടയുകയും വീടുകൾ നാമാവശേഷമായിത്തീരുകയും ചെയ്യുന്നു. ഇക്കാരണത്താൽ ഈ നദിക്കു "ചൈനയുടെ ദുഃഖം" എന്നൊരു പേരും കൂടിയുണ്ടു്.

ഒരിക്കൽ, ഒരു വെള്ളപ്പൊക്കത്തിൽ, ഒരു ലക്ഷത്തിൽപരംപേർ മരിക്കുന്നതിനിടയായി. ഇതിലും കൂടുതൽ ആളുകൾ ഭവനരഹിതരായിത്തീരുകയും ചെയ്തു.

ചൈനയിലെ മററൊരു വലിയ നദിയാണ് 'യാംഗ്ടിസിയാംഗ്'. ലോകത്തു മനുഷ്യന് ഏററവും പ്രയോജനമുള്ള പ്രധാനപ്പെട്ട നദികളിലൊന്നാണിത്.

അനേകമാളുകളുടെ താമസം ഈ നദിയിലാണെന്നു പറഞ്ഞാൽ നിങ്ങളെല്ലാം അത്ഭുതപ്പെട്ടേയ്ക്കാം. ഒട്ടനേകം ആളുകളുടെ താമസം വള്ളങ്ങളിലാണ്. സ്ത്രീകൾ, കുട്ടികൾ എന്നുവേണ്ട കന്നുകാലികൾ പോലും ആ വള്ളങ്ങളിൽതന്നെ താമസിയ്ക്കുന്നു. ഇതിനിടയിൽ, കച്ചവടവും നടക്കുന്നുണ്ട്. വള്ളത്തിൻെറ ഒരു ഭാഗം വീടായിട്ടും, മറേറഭാഗം കടയായിട്ടും ഉപയോഗിക്കുന്നു. ഈ വീടും കടയും ഇഷ്ടാനുസരണം എവിടെയും ഊന്നികൊണ്ടുപോകാം.

വള്ളത്തിൽ താമസിക്കുന്ന കൊച്ചുകുഞ്ഞുങ്ങളുടെ അരയിൽ ചരടുകെട്ടി വള്ളപ്പടിയിൽ കെട്ടിയിടുക പതിവാണ്. കുട്ടികൾ വെള്ളത്തിൽ വീണാൽ, പെട്ടെന്നു പൊക്കിയെടുക്കുന്നതിനു വേണ്ടിയാണിത്.

വള്ളത്തിൽ താമസിക്കുന്ന ഇക്കൂട്ടരും, ചൈനാക്കാർ പൊതുവേയും പച്ചവെള്ളം കടിക്കാറില്ല. പാലും പഞ്ചസാരയും ചേക്കാത്ത ചായവെള്ളമാണ് അവർ കുടിക്കുക പതിവ്.

## അദ്ധ്യായം 2

# ഗ്രാമം

നമ്മുടേതുപോലെ, ചീനരുടേയും മുഖ്യമായ ആഹാരസാധനം നെല്ലരിയാണു്. അവരുടെ പ്രധാനമായ തൊഴിൽ കൃഷിയാകുന്നു. കച്ചവടം, മീൻപിടിത്തം, പട്ടുനൂൽപ്പുഴുവളർത്തൽ മുതലായവയിൽ ഏർപ്പെട്ടിരിക്കുന്നവരും ധാരാളം ഉണ്ടു്.

മത്സ്യം ചീനരുടെ ഒരു പ്രധാനപ്പെട്ട ആഹാരസാധനമാണു്. അതിനാൽ, ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും അനേകം ഉണ്ടായിരിക്കണമല്ലോ.

നാം ആടു്, മാടു്, കോഴി, താറാവു മുതലായവയെ വളർത്തുന്നതുപോലെ, ചീനർ മത്സ്യങ്ങളെയും വളർത്താറുണ്ടു്. മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ചു്, അവർ കുളങ്ങളിൽ ഇട്ടുവളർത്തുന്നു. ചുരുങ്ങിയ കാലംകൊണ്ടു വളരെ വലുതാകുന്ന മത്സ്യങ്ങളെയാണു് ഇപ്രകാരം വളർത്തുന്നതു്.

മത്സ്യം പിടിക്കുന്നതിനു വള്ളക്കാർ, ചില പക്ഷികളേയും ശീലിപ്പിക്കാറുണ്ടു്. നമ്മുടെ "പൊൻമാൻ"

പോലുള്ള ഒരുതരം പക്ഷികളെയാണ് അവർ അതിനു പയോഗിക്കുന്നത്. ഈ പക്ഷികളുടെ കഴുത്തിൽ ഇരുമ്പുവളയം സാമാന്യം ഇറുക്കിയിട്ടിരിക്കുന്നതായി കാണാം. ഇതെന്തിനാണെന്നു നിങ്ങൾ അത്ഭുതപ്പെട്ടേയ്ക്കാം. പിടിക്കുന്ന മത്സ്യം അതുതന്നെ ഭക്ഷിക്കാതിരിക്കുവാനുള്ള ഒരു തന്ത്രമാണിത്. ഇതു കൂടാതെ, വലയും മററും ഉപയോഗിച്ചും അവർ മത്സ്യം പിടിക്കുന്നുണ്ട്.

നാട്ടിൻപുറങ്ങളിലേയ്ക്കു് ഇറങ്ങി നോക്കാം. പട്ടുനൂൽപ്പുഴക്കളെ വളർത്തുന്ന ജോലിയിൽ പലരും ഏർപ്പെട്ടിരിക്കുന്നതായി കാണാം. പട്ടുനെയ്ത്ത് ചൈനയിലെ പുരാതനമായ ഒരു വ്യവസായമാണ്. ഇന്നും ചൈനയിൽ ഇതു് ഒരു കുടിൽവ്യവസായം തന്നെ. അനേകം ആളുകൾ ഇതുകൊണ്ടു് ഉപജീവിക്കുന്നു.

വയലിലേക്കു നോക്കുക. അവിടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന അനേകം പേരെക്കാണാം. പാടങ്ങളിൽ നമ്മുടെ നാട്ടിലുള്ളതുപോലെ "തേക്കുകൂട്ട"കൊണ്ടു് വെള്ളം തേകുന്നതായിക്കാണുന്നു. മററു ചില സ്ഥലങ്ങളിൽ ചക്രം ചവിട്ടി വെള്ളം കയററുന്നു. പ്രധാന കൃഷി നെല്ലാണ്. കരിമ്പുതോട്ടങ്ങളും ധാരാളമുണ്ടു്.

വരമ്പിൽ ചെറു മാടങ്ങൾ കാണുന്നു. കൃഷി സൂക്ഷിപ്പുകാരനവിടെയാണിരിക്കുന്നത്.

മറെറാരു ഭാഗത്തേക്കു തിരിഞ്ഞുനോക്കുക. ചിലർ ചുമടുവഹിച്ചുകൊണ്ടു പോകുന്നതായി കാണുന്നു. തലയിൽ വെച്ചല്ല ചുമക്കുന്നത്; ഏകദേശം പത്തടി നീളമുള്ള ഒരു കീറുമുളയുടെ രണ്ടററത്തും സാധനങ്ങൾ തൂക്കിയിട്ട് മദ്ധ്യഭാഗം തോളത്തു താങ്ങിക്കൊണ്ടാണ്. ഒരു തോളിന് വേദനയുണ്ടാകുമ്പോൾ കൈയ്തൊടാതെ തന്നെ ചുമട് മററെ തോളിലേക്കു മാറുന്നത് എത്ര സുകരമായിട്ടാണ്! നമ്മുടെ നാട്ടിലും ചിലയിടങ്ങളിൽ ചുമട്ടുകാർ ഇപ്രകാരം ചുമട് ചുമക്കാറുണ്ടല്ലോ.

---

## അദ്ധ്യായം 3

# നഗരം

നാട്ടിൻപുറങ്ങളെ വിട്ടു നമുക്കു പട്ടണത്തിലേയ്ക്കു പ്രവേശിയ്ക്കാം. റോഡിൻെറ ഇരുവശങ്ങളിലുമായി അനേകം കടകൾ കാണുന്നു. തെരുവുകൾ വളരെ ഇടുങ്ങിയതാണു്. റോഡരുകിൽ വ്യാപാരികൾ ഇരുന്നു പലഹാരങ്ങൾ, പച്ചക്കറി സാധനങ്ങൾ മുതലായവ വില്ക്കുന്നു.

തെരുവുകൾക്കു മറെറാരു വിശേഷവുമുണ്ടു്. ഓരോ സാധനങ്ങളും വില്ക്കുന്നതിനു് തെരുവുകൾ പ്രത്യേകം പ്രത്യേകം ആണു്.

ചെരിപ്പു വില്ക്കുന്ന കടകൾ ഒരിടത്തു്. തുണി വില്ക്കുന്ന കടകൾ മറെറാരിടത്തു്. കളിപ്പാട്ടങ്ങൾ വില്ക്കുന്ന കടകൾ മൂന്നാമതൊരിടത്തു്. നമുക്കു് ഒരു ജോടി ചെരിപ്പു വാങ്ങണമെന്നു വിചാരിക്കുക. ചെരിപ്പുതെരുവിലേയ്ക്കു ചെന്നാൽ മതി. ചെരിപ്പു വില്ക്കുന്ന കടകൾ അന്വേഷിച്ചു അവിടെയുമിവിടെയും നടന്നു വിഷമിക്കേണ്ടയാവശ്യമില്ല.

പട്ടണത്തിൽ അസംഖ്യം ആളുകൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. കച്ചവടക്കാരായും, യാത്രക്കാരായും, സാമാനങ്ങൾ വാങ്ങുവാൻ പോകുന്നവരായും അനേക



മനേകം പേരെ ഏതു സമയത്തും കാണാം. അവരു ടെയിടയിൽക്കൂടി കണങ്കാൽവരെ. നീണ്ടുകിടക്കുന്ന അയഞ്ഞ വസ്ത്രം ധരിച്ച ചിലർ നടക്കുന്നു. ആരാണ വർ? പണ്ഡിതന്മാരാണു്. ജ്ഞാനവിജ്ഞാനങ്ങൾ ലഭിച്ച യഥാർത്ഥ പണ്ഡിതന്മാർ ഈ വേഷത്തി ലാണു നടക്കുക പതിവു്. ചൈനയിൽ പണ്ഡിത ന്മാൎക്കു വലിയ സ്ഥാനബഹുമാനാദികൾ ഉണ്ടു്.


നമ്മുടെ നാട്ടിൽ കാണുന്നതുപോലെയുള്ള 'റിക്ഷാക്കാർ' അവിടെ ധാരാളമുണ്ടു്. 'തൊപ്പിക്കുട' പോലുള്ള ഒരു തരം ഹാററും വെച്ചുകൊണ്ടു് അവ രതാ ഓടുന്നു.

അതാ ഒരു പലഹാരക്കച്ചവടക്കാരൻ. പൊക്ക മുള്ള രണ്ടു പീഠങ്ങളിൽ പലഹാരങ്ങൾ വച്ചിരി ക്കുന്നു. ഒരു സ്ഥലത്തു വച്ചുള്ള വില്പന കഴിഞ്ഞാൽ അയാൾ ഓരോ പീഠവും പലഹാരങ്ങളോടുകൂടി ത്തന്നെ മുൻ പ്രസ്താവിച്ചതുപോലെ നീളമുള്ള മുള ങ്കോലിന്റെ രണ്ടറേറത്തും തൂക്കിയിട്ടു ചുമലിലേന്തി നടക്കുന്നു. അല്പം ദൂരത്തു ചെന്നാൽ അതു് ഇറക്കു കയായി. അവിടേയും വില്പന തുടരുന്നു. അയാളുടെ ചുററും കുട്ടികൾ കൂടി പലഹാരങ്ങൾ വാങ്ങി അവിടെ വെച്ചു തന്നെ തിന്നുന്നു.

അദ്ധ്യായം 4

# കുട്ടികൾ

ശിശുപ്രായത്തിൽ തന്നെ ചൈനയിലെ് കുഞ്ഞു
ങ്ങളുടെ കഴുത്തിൽ ഒരു 'ഏലസ്സ്' (രക്ഷ) കെട്ടിക്കുന്ന



പതിവുണ്ട്. അതു സ്വർണ്ണം കൊണ്ടോ, വെള്ളി കൊണ്ടോ, ചെമ്പുകൊണ്ടോ ആയിരിക്കും. ഭംഗിയുള്ള കൊത്തുപണികൾ അതിൽ കാണാം.

ഒരു മാസംവരെ കുഞ്ഞിനെ എടുത്തു വളർത്തും. പിന്നീട് തൊട്ടിലിൽ ഇട്ട് ആട്ടുകയാണു പതിവ്. നാലു മാസമാകുമ്പോൾ അതിന് ഒരു കൊച്ചുകസേര ഉണ്ടാക്കുന്നു. ഒരു വയസ്സാകുമ്പോൾ പുറത്തു കൊണ്ടു പോയി കുട്ടികളെ നടത്തുകയായി. ആ പ്രായത്തിൽ സാധാരണ ജനങ്ങൾ കുട്ടികളെ മാറാപ്പിലിരുത്തി മുതുകിൽവഹിച്ചു നടക്കാറുമുണ്ട്. ചെറിയ പെൺകുട്ടികളുടെ കഴുത്തിൽ ചുമന്ന ഒരു നൂൽ കെട്ടും. കുട്ടി വളരുമ്പോൾ കളവു കാണിക്കാതിരിക്കുന്നതിനും പാത്രങ്ങൾ ഉടയ്ക്കാതിരിക്കുന്നതിനുമാണത്രെ അതു്.

പെൺകുട്ടികളുടെ ആദ്യത്തെ ജന്മദിനം ആഘോഷപൂർവ്വം കൊണ്ടാടപ്പെടുന്നു. അതിനു ചില പ്രത്യേക ചടങ്ങുകളുമുണ്ട്. പിറന്നാൾ ദിവസം, ആദ്യമായി ഒരു മുട്ട ഒരാൾ അയൽപക്കത്തുള്ള വീടുകളിൽ കൊണ്ടുപോകും. അവിടെയുള്ളവർ, ഓരോരുത്തരും അതു തൊടണം. പ്രായമാകുമ്പോൾ കുട്ടിയോടു്

ആരും വഴക്കു കൂടുകയില്ലെന്നുള്ള ഒരു വാഗ്ദാനമാണിതു്. പുഴുങ്ങിയ മറെറാരു മുട്ട കുട്ടിയുടെ തലയ്ക്കു ചുററും മൂന്നു പ്രാവശ്യം ഉഴിയുന്നു. മുട്ടപോലെ തല ഉരുണ്ടു വരുന്നതിനാണുപോലും ഈ ക്രിയ. അതിനു ശേഷം, മുട്ടയുടെ വെള്ളക്കരുമാത്രം എടുത്തു് ആ കുട്ടിക്കു കൊടുക്കുന്നു. കുട്ടി വളൎന്നു വരുമ്പോൾ, മിതവ്യയശീലമുണ്ടാകുവാൻ വേണ്ടിയാണിതു്. പിന്നീടു് നൂൽ, സൂചി, കത്രിക, നാണയം, പുസ്തകം മുതലായവ നിരത്തിയിട്ടുള്ള ഒരു തട്ടം കുട്ടിയുടെ മുൻപിൽ വെയ്ക്കുന്നു. കുട്ടി അതിൽ നിന്നും ഏതെങ്കിലും സാധനമെടുക്കുന്നു. അതനുസരിച്ചാണത്രേ അതിൻെറ ഭാവിജീവിതം. നൂലോ സൂചിയോ എടുത്താൽ തുന്നൽക്കാരി, നാണയമെടുത്താൽ പണക്കാരി, ഗ്രന്ഥമെടുത്താൽ വിദുഷി, ഇങ്ങനെ പോകുന്നു ജാതകം.

പെൺകുട്ടികളുടെ പാദം വളരെ ചെറുതായിരിക്കുന്നതാണു് അവിടെ ഭംഗി. അതിനുവേണ്ടി ചെറുപ്പത്തിൽ തന്നെ പാദം തുണികൊണ്ടു വരിഞ്ഞുകെട്ടി ചെറുതാക്കുന്നു.

കുട്ടികളുടെ 'ഷൂസ്സ്' ദിവസവും കാലുമാറിയാണു ധരിക്കുക. ഇന്നു വലത്തുകാലിൽ ഇടുന്നതു നാളെ

ഇടത്തുകാലിൽ. പെൺകുട്ടികളുടെ ഷൂസ്സ് കസവു കൊണ്ടു ഭംഗിപിടിപ്പിച്ചിരിയ്ക്കും. പെൺകുട്ടികളും ആൺകുട്ടികളും അയഞ്ഞ കാലുറ ധരിക്കുന്നു. പെൺകുട്ടികൾ അതിനും കസവുകൊണ്ടു മോടിവരുത്താ



റുണ്ട്. ഇരുകൂട്ടരും ഒന്നുപോലെ മുടി വളർത്തി പുറകോട്ട് പിന്നിയിടും. അ വരുടെ സൗന്ദ

ൎയ്യത്തിന് മാററു കൂട്ടുകയും ചെയ്യുന്നു. ഇങ്ങനെ ആകെക്കൂടി, ഉരുണ്ട തലയും കിന്നരിച്ചെരിപ്പും കസവുകാലുറയും പിന്നൽ മുടിയും,— കൂടാതെ—പരന്ന മുഖം, മഞ്ഞനിറവും ചീനക്കുട്ടികളുടെ നിത്യവിശേഷതയായി ആരെയും ആഹ്ളാദിപ്പിക്കുന്നു.

---

അദ്ധ്യായം 5

# വിദ്യാലയവും വിനോദവും

നമ്മുടെ വിദ്യാലയങ്ങളെപ്പോലെ ചൈനയിലും വിദ്യാലയങ്ങൾ ധാരാളമുണ്ട്. അവിടെ നിങ്ങളെപ്പോലെ കുട്ടികൾ പോയി പഠിക്കുകയും ചെയ്യുന്നു. പക്ഷെ നിങ്ങളുടെ അക്ഷരമാല പോലെ എളുപ്പമുള്ളതല്ല അവരുടെ അക്ഷരമാല. നിങ്ങൾ ഇടത്തുനിന്നും വലത്തോട്ട് എഴുതുന്നു. അറബി, പേർഷ്യൻ, ഉർദു മുതലായ ഭാഷകൾ വലത്തു നിന്നു ഇടത്തോട്ടാണ് എഴുതുക. ചീനഭാഷയാകട്ടെ, മുകളിൽ നിന്നും താഴോട്ടാണ് എഴുതുന്നത്.

മലയാളഭാഷയ്ക്കു് "അമ്പത്തൊന്നക്ഷരാളി..." എന്നാണല്ലോ പ്രസിദ്ധി. എന്നാൽ ചീനഭാഷയിൽ അതു് മൂവായിരത്തിൽപരം ഉണ്ടെന്നു പറയണം. ഒരു അക്ഷരം തന്നെ മിക്കവാറും ഒരു പദമാണെന്നു പറയാം.

വളരെ പുരാതനകാലം മുതല്ക്കുതന്നെ, ചൈനക്കാർ എഴുത്തുവിദ്യ ശീലിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിരുന്നു. ലോകത്തിൽ ആദ്യമായി കട

ലാസ് ഉണ്ടാക്കിയതു് ചൈനാക്കാരാണെന്നു പറയപ്പെടുന്നു.

ചൈനയിൽ പണ്ടു പ്രചാരത്തിലിരുന്ന പരീക്ഷാസമ്പ്രദായത്തെക്കുറിച്ചു നിങ്ങൾ കേട്ടാൽ ഞെട്ടിപ്പോകും. അക്കാലത്തു്, പണ്ഡിതന്മാർ എന്നു പറയണമെങ്കിൽ ഈ പരീക്ഷ ജയിക്കേണ്ടിയിരുന്നു. പരീക്ഷയ്ക്കു ചേരുന്നവരെ ഓരോരുത്തരേയും ഓരോ മുറിയിലിട്ടടയ്ക്കുകയായിരുന്നു പതിവു്. ഏതാനും ദിവസം അവർ അവിടെത്തന്നെ ഒററയ്ക്കു കഴിച്ചുകൂട്ടണം. എഴുതാനുള്ളതെല്ലാം ഒററയ്ക്കിരുന്നു എഴുതിത്തീർത്തതിനുശേഷമേ അവരെ പുറത്തു വിടുകയുള്ളു. ഇതിനിടയിൽ, ഭയംകൊണ്ടു് ചിലർ മരിച്ചുപോകയും, ചിലർ ഭ്രാന്തരായിത്തീരുകയും ചെയ്തതായി കഥകൾ ഉണ്ടു്.

നിങ്ങൾ കളിക്കാറുള്ളതുപോലെതന്നെ അവിടെയുള്ള കുട്ടികളും കളിക്കാറുണ്ടു്. അതാ! കുറേ കുട്ടികൾ കളിച്ചു കൊണ്ടിരിക്കുന്നു. അടുത്തു ചെന്നു നമുക്കു നോക്കാം. ഒരു കൂട്ടർ 'പൂച്ചയും എലിയും' കളിക്കയാണു്. ഒരു വിദ്വാൻ പൂച്ചയും മററുള്ളവരെല്ലാം എലികളും. പൂച്ച എലികളുടെ പുറകേ പതുങ്ങിപ്പതുങ്ങിച്ചെല്ലുന്നു. എലികൾ നാലുപാടും പരക്കം പായുന്നു. ഒരതിരിനുള്ളിൽവച്ചു പൂച്ച ഒരെലിയെ

എങ്കിലും തൊട്ടെങ്കിലേ എലി ചാകൂ. കൂടുതൽ എലിയെ കൊല്ലുന്നവൻ ജയിച്ചു.

മററൊരു കൂട്ടർ, 'ചെടിക്കളി'യിലാണു് ഏർപ്പെട്ടിരിക്കുന്നതു്. ഏതാനും കുട്ടികൾ തോട്ടമെന്നു സങ്കല്പിച്ചു്, വൃത്താകൃതിയിൽ രണ്ടു വരിയായി പതുങ്ങിയിരിക്കുന്നു. തോട്ടക്കാരൻ വന്നു ചെടികൾ നനയ്ക്കുകയായി. ചെടികൾ പതുക്കെപ്പതുക്കെ എഴുന്നേററു വളന്നുവരുന്നു. ദൂരെനിന്നും ഒരു കുട്ടി അതാ ഓടിവരുന്നു. പശുവാണതു്. ചെടി തിന്നാൻ വരികയാണു്. പശു വന്നു തൊട്ടാൽ ചെടി മറിഞ്ഞുവീഴും. പക്ഷെ പശു തോട്ടത്തിൽ കയറി ചെടി തിന്നുവാൻ തോട്ടക്കാരൻ സമ്മതിക്കയില്ല. തോട്ടക്കാരനെ കബളിപ്പിച്ചു്, പശു ചെടി തിന്നണം. എന്നാൽ ജയിച്ചു.

പട്ടം പറപ്പിയ്ക്കൽ, പമ്പരം കറക്കൽ മുതലായ കളികളിലും ചിലർ ഏർപ്പെട്ടിരിക്കുന്നു.

ആകപ്പാടെ എല്ലാവരും ഉല്ലാസമായും ഉത്സാഹമായും കളികളിൽ ഏർപ്പെട്ടിരിയ്ക്കയാണു്.

ആണ്ടു പിറപ്പു് കുട്ടികൾക്കു വളരെ ആഹ്ളാദമുള്ള ഒരു ദിവസമാണു്. അവർ അന്നു വിശേഷപ്പെട്ട ആഹാരങ്ങൾ കഴിച്ചും പുതിയ വസ്ത്രങ്ങൾ ധരിച്ചും ഒരുങ്ങി, വന്നുകൂടുന്നു. ചൈനയിൽ ആണ്ടു

പിറപ്പ് ഇപ്രകാരം എല്ലാവരും ആഘോഷിക്കുവാൻ ഇടയായതിനെപ്പററി കഥയുണ്ടു്.

പണ്ടു് ഒരിക്കൽ, ഒടുവിലത്തെ മാസത്തിൻെറ അവസാനത്തെ ദിവസം കഴിയുമ്പോൾ ഒരു വലിയ പ്രളയം ഉണ്ടാകുമെന്നും അതോടുകൂടി ചൈനയിലുള്ള വരെല്ലാം മരിച്ചുപോകുമെന്നും ആരോ പറഞ്ഞു ണ്ടാക്കി. ഇതു കേട്ടു് എല്ലാവരും ഭയന്നു. ഏതാ യാലും എല്ലാവരും ആണ്ടുപിറപ്പോടുകൂടി മരിയ്ക്കും; അതുകൊണ്ടു്, നല്ല ആഹാരസാധനങ്ങൾ ഉണ്ടാക്കി തലേദിവസം രാത്രി ഭക്ഷിച്ചേക്കാമെന്നു അവർ കരുതി. എന്നു മാത്രമല്ല, നല്ല വസ്ത്രങ്ങൾ എടുത്തു ധരിച്ചേക്കാമെന്നും തീർച്ചയാക്കി. അങ്ങിനെ, ആണ്ട വസാന ദിവസം രാത്രി നല്ല ആഹാരങ്ങളും കഴിച്ചു്, നല്ല വസ്ത്രങ്ങളും ധരിച്ചു് കാത്തുകൊണ്ടു് അവർ ഇരി പ്പായി. പ്രഭാതമായിട്ടും വെള്ളപ്പൊക്കമുണ്ടായില്ല. ആനന്ദത്തോടെ അവർ ബന്ധുമിത്രാദികളെ അന്വേ ഷിച്ചു പുറപ്പെട്ടു. വെള്ളപ്പൊക്കമോ കൂട്ടമരണമോ ഉണ്ടാവാതിരുന്നതിൽ എല്ലാവരും സന്തോഷിച്ചു. അങ്ങിനെ ആ ദിവസം ഒരു ഉത്സവദിവസമായി ത്തീൎന്നു. അതു് ഇന്നും ആചരിച്ചുവരികയാണു്.

## അദ്ധ്യായം 6

## മതം

ചൈനയിൽ പീക്കിംഗ് എന്ന സ്ഥലത്തു വലിയ ഒരു ദേവാലയമുണ്ട്. പഴയ കാലത്തു ചൈനയിലെ ചക്രവത്തിമാർ, ഇവിടെവന്ന്, ആണ്ടിൽ രണ്ടു പ്രാവശ്യം പ്രത്യേക പൂജാദികൾ നടത്തിവന്നു. ഈ ദേവാലയം കൺഫ്യൂഷ്യസ്സ് എന്ന മഹാൻെറ സ്മരണയ്ക്കായി നിർമ്മിക്കപ്പെട്ടതാണ്.

ആരാണ് ഈ കൺഫ്യൂഷ്യസ്സ്? ഉദ്ദേശം 2400 വഷങ്ങൾക്കു മുമ്പ്, ചൈനയിൽ ജീവിച്ചിരുന്ന ഒരു മഹാനാണിദ്ദേഹം. ഒരു പട്ടാളക്കാരൻെറ മകനായി, ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ പിതാവു മരണമടഞ്ഞു. മാതാവിൻെറ പ്രേരണ നിമിത്തം പല പുരാതന ഗ്രന്ഥങ്ങളും പഠിയ്ക്കുവാൻ തുടങ്ങി. കൂടുതൽ പഠിയ്ക്കുന്തോറും, പഴയകാലത്തെ പണ്ഡിതന്മാരുടെ മഹത്വത്തെക്കുറിച്ച് ഇദ്ദേഹത്തിനു കൂടുതൽ ഭക്തിയും ബഹുമാനവും ജനിച്ചു. അവരുടെ ഉപദേശങ്ങളിലേയ്ക്ക് തൻെറ ദേശക്കാരെ തിരിച്ചു വിടണമെന്നു തോന്നി. സ്വഭാവ ശുദ്ധീകരണത്തിലാണ്, കൺഫ്യൂഷ്യസ്സ് പ്രത്യേകം ശ്രദ്ധ പതിപ്പി

ച്ചത്. സ്വഭാവം നന്നായാൽ മനുഷ്യൻ നന്നായി എന്ന് ഇദ്ദേഹം പഠിപ്പിച്ചു.

അൻപതു വയസ്സായപ്പോൾ, അദ്ദേഹത്തെ ചൈനയിലെ ഒരുയർന്ന ഉദ്യോഗസ്ഥനായി നിയമിച്ചു. അദ്ദേഹത്തിൻെറ നിരന്തരമായ പരിശ്രമം മൂലം, കളവും ചതിവും നാട്ടിൽ നിന്നു പമ്പകടന്നു. അദ്ദേഹത്തിനു ഒട്ടുവളരെ അനുയായികളുമുണ്ടായി. വാർദ്ധക്യത്തിൽ ശിഷ്യഗണങ്ങളോടുകൂടി അദ്ദേഹം നാടുതോറും സഞ്ചരിച്ച്, ധർമ്മോപദേശം ചെയ്തു. ഉദ്ദേശം എഴുപതു വയസ്സായപ്പോൾ ഈ മഹാൻ മൃതിയടഞ്ഞു. ചൈനാക്കാർ ഇന്നും ഭക്തിബഹുമാനങ്ങളോടെ കൺഫൂഷ്യസ്സിനെ സ്മരിച്ചു പോരുന്നു.

ചൈനാക്കാർ പൊതുവിൽ വിവിധമതക്കാരാണെങ്കിലും, മതത്തിൻെറ പേരിൽ അവർ കലഹിയ്ക്കാറില്ല. ഒരു വീട്ടിൽ തന്നെ പല മതക്കാരുമുണ്ട്. ബുദ്ധമതം, ജൈനമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നിവ അവിടെ പ്രചാരത്തിലിരിക്കുന്നു.

## അദ്ധ്യായം 7

# ഒരു അത്ഭുതം

നമ്മുടെ മാതൃഭൂമിയായ ഭാരതഖണ്ഡത്തിൻെറ വടക്കുഭാഗത്തു് ഒരു വൻ മതിൽപോലെ കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഹിമവാൻ പർവ്വതത്തെക്കുറിച്ചു് നിങ്ങൾ പഠിച്ചിരിക്കുമല്ലോ. ഇന്ത്യയെ വടക്കുഭാഗത്തുനിന്നും ശത്രുക്കൾ ആക്രമിക്കാതെ ആ 'മഹോന്നതൻ' എപ്പോഴും കാത്തുകൊണ്ടിരിക്കുന്നു.

ചൈനാരാജ്യത്തെ ഇപ്രകാരം വടക്കുഭാഗത്തുനിന്നും ശത്രുക്കൾ ആക്രമിക്കാതെ രക്ഷിക്കുവാൻ മലകളും മററുമില്ല. പണ്ടു് വടക്കുനിന്നു് ശത്രുക്കൾ ചൈനയെ കൂടക്കൂടെ ആക്രമിച്ചു കൊള്ളചെയ്തുവന്നിരുന്നു. ക്രിസ്തുവിൻെറ ജനനത്തിനു മുന്നൂറു വർഷങ്ങൾക്കു മുൻപു് ചൈനയിൽ "ഷീഹ്ഹ്വാങ്ടീ" എന്നൊരു ചക്രവർത്തി വാണിരുന്നു. ശത്രുക്കളുടെ തുടരെത്തുടരെയുള്ള ആക്രമണങ്ങളിൽ നിന്നു രാജ്യത്തെ രക്ഷിക്കുവാൻ വടക്കുഭാഗത്തു് ഒരു വൻമതിൽ ഇദ്ദേഹം കെട്ടിച്ചു. ലോകത്തിലെ ഏഴ് മഹാത്ഭുതങ്ങളിൽ ഒന്നായിട്ടു് ഇതു ഗണിക്കപ്പെടുന്നു.

ഈ 'വൻമതിൽ', ചെറിയ കുന്നുകളുടെ മുകളിൽക്കൂടിയാണു പോകുന്നതു്. പതിനഞ്ചടി മുതൽ

മുപ്പതടിവരെ ഉയരം ഇതിനുണ്ടു്. ഉദ്ദേശം പതിമൂന്നടിഘനവും കാണും. ഇടയ്ക്കിടയ്ക്കു് മതിലിന്റെ മുകളിൽ ഗോപുരം പോലുള്ള കെട്ടിടങ്ങളും ഉണ്ടു്. ഒരാൾ ദിവസം പ്രതി 25 മൈൽ വീതം നടന്നാൽ ഈ മതിലിന്റെ ഒരററത്തുനിന്നു് മറേറ അററത്തു് എത്തുന്നതിനു് അറുപതു ദിവസം വേണം. ഈ മതിൽ കെട്ടുന്നതിനു് ഉപയോഗിച്ച ഇഷ്ടികയും മററും കൊണ്ടു് ഉദ്ദേശം ഇരുപത്തിഅയ്യായിരം മൈൽ നീളമുള്ള ഭൂമദ്ധ്യരേഖയിൽ നെടുനീളെ ആറടി ഉയരവും രണ്ടടി ഘനവും ഉള്ള രണ്ടു മതിൽ കെട്ടിയ്ക്കാമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. ചൈനയിൽ പോകുന്നവർ ഇതിന്റെ ഒരു ഭാഗമെങ്കിലും ചെന്നു കാണാതെ മടങ്ങാറില്ല.

ഇങ്ങിനെ രസമുള്ള കാര്യങ്ങൾ ഇനിയും പലതുണ്ടു് ചൈനയെപ്പററി പറയാൻ. ഇത്രയും പറഞ്ഞതിൽ നിന്നു തന്നെ ആ രാജ്യത്തെയും അതിലെ ആളുകളേയും പററി കൂടുതൽ അറിയാൻ നിങ്ങൾക്കു് ആഗ്രഹം തോന്നുന്നുണ്ടാവണം. ചൈനയെപ്പററി കൂടുതൽ ഗ്രന്ഥങ്ങൾ നിങ്ങൾ വായിക്കണം. സ്നേഹിക്കാനും ബഹുമാനിക്കാനും അനുകരിക്കാനും കൊള്ളാവുന്ന പല കാര്യങ്ങളും നിങ്ങൾ അവിടെ കാണും.

---

*Printed at the Modern Press, Trivandrum.*

# ബാലസാഹിത്യവും സാമാന്യവിജ്ഞാനവും ഗ്രന്ഥാവലി

| | | | | | |
|---|---|---|---|---|---|
| | **ബാലസാഹിത്യം: ഒന്നാം സോപാനം** | | രൂ | ണ | സ |
| 1 | ബുദ്ധൻ | എൻ. ഗോപാലപിള്ള | 0 | 2 | 6 |
| 2 | വടക്കൻ പാട്ടിലെ വീര കഥകൾ | ജി. ശങ്കരക്കുറുപ്പ് | 0 | 2 | 0 |
| 3 | നമ്മുടെ ഇൻഡ്യാ | മാത്യു എം. കുഴിവേലി | 0 | 2 | 0 |
| 4 | ഹിമവാന്റെ പുത്രികൾ | വൈലോപ്പിള്ളിൽ | 0 | 2 | 0 |
| | **രണ്ടാം സോപാനം** | | | | |
| 5 | അശോകൻ | പി. ദാമോദരൻപിള്ള | 0 | 2 | 0 |
| 6 | പഞ്ചതന്ത്രകഥകൾ | അമ്പാടി കാർത്യായനിഅമ്മ | 0 | 2 | 0 |
| 7 | ഇംഗ്ലീഷുകാർ | . രാമകൃഷ്ണൻനായർ | 0 | 2 | 0 |
| 8 | ഞാൻ കണ്ട ഡൽഹി | വി. ശങ്കരപ്പിള്ള | 0 | 2 | 0 |
| | **മൂന്നാം സോപാനം** | | | | |
| 9 | മഹാത്മാ ഗാന്ധി | എൻ. ഓജ്ഞവി | 0 | 2 | 0 |
| 10 | ജാതകകഥകൾ | വെണ്ണിക്കുളം | 0 | 2 | 0 |
| 11 | ചൈന | കെ. മുഹമ്മദാലി | 0 | 2 | 0 |
| 12 | ശാസ്ത്രപാഠാവലി | ഡാക്ടർ ഭാസ്കരൻനായർ | 0 | 2 | 0 |
| | **നാലാം സോപാനം** | | | | |
| 13 | ടാഗോർ | എം. പി. അപ്പൻ | 0 | 2 | 6 |
| 14 | വീരചരിതകഥകൾ | കെ. എം. വർഗ്ഗീസ് | 0 | 2 | 6 |
| 15 | ജപ്പാൻ | ജി. രാമനാഥഅയ്യർ | 0 | 2 | 6 |
| 16 | പള്ളിവാസൽ പദ്ധതി | കെ. സി. ചാക്കോ | 0 | 2 | 6 |
| | **അഞ്ചാം സോപാനം** | | | | |
| 17 | ശ്രീ ശങ്കരാചാര്യർ | ശൂരനാട്ട് കുഞ്ഞൻപിള്ള | 0 | 2 | 6 |
| 18 | ക്ഷേമസോപാനം | കെ. എസ്സ്. ലക്ഷ്മണപ്പണിക്കർ | 0 | 2 | 6 |
| 19 | വീരചരിതകഥകൾ II | വെള്ളാട്ട കരുണാകരൻനായർ | 0 | 2 | 6 |
| 20 | അമേരിക്ക | പി. വി. ഉലഹന്നാൻമാപ്പിള | 0 | 2 | 6 |
| | **സാമാന്യവിജ്ഞാനം** | | | | |
| 21 | കേരളത്തിലെ നാടോടി പ്പാട്ടുകൾ | സി. എ. ഗോപാലപിള്ള | 0 | 2 | 6 |
| 22 | ആധുനിക കൃഷിസമ്പ്രദായങ്ങൾ | കെ. എസ്സ്. നീലകണ്ഠൻ | 0 | 2 | 6 |
| 23 | ആരോഗ്യചര്യ | ഡാക്ടർ സി. ഒ. കരുണാകരൻ | 0 | 2 | 6 |
| 24 | സാധാരണ സുഖക്കേടുകളും ഗാർഹിക ശുശ്രൂഷകളും | ഡാക്ടർ രഹമ്മലി | 0 | 2 | 6 |
| 25 | പൗരാവകാശവും ചുമതലകളും | എൽ. എം. പൈലി | 0 | 2 | 6 |

COVER PR'N.TED AT THE GOVERNMENT CENTRAL PRESS,
TRIVANDRUM.